# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1706 17.06.2013 -ൽ മറുപടിക്ക്

### പി.എസ്.സി. അംഗങ്ങളുടെ എണ്ണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പി.എസ്.സി അംഗങ്ങളുടെ എണ്ണം എത്രയായിരുന്നു; ആയത് ഇപ്പോൾ എത്രയാണ്; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ചെയർമാൻ ഉൾപ്പെടെ പി.എസ്.സി അംഗങ്ങളുടെ എണ്ണം പതിനെട്ട് ആയിരുന്നു.<br>ഇപ്പോൾ ചെയർമാൻ ഉൾപ്പെടെ 21 അംഗങ്ങൾ നിലവിലുണ്ട്. |
| ബി) എത്രപേരെയാണ് ഇപ്പോൾ കൂടുതലായി പി.എസ്.സി. അംഗങ്ങളാക്കിയത്; ഇതിന് മുമ്പ് പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് എന്നാണ്; | (ബി) | മൂന്ന് പേരെയാണ് ഇപ്പോൾ കൂടുതലായി പി.എസ്.സി. അംഗങ്ങളാക്കിയത്.<br>30.12.2004-ലാണ് ഇതിന് മുമ്പ് പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് |
| സി) പി.എസ്.സി. അംഗങ്ങളുടെ എണ്ണത്തിൽ കേരള സംസ്ഥാനം എത്രാം സ്ഥാനത്താണെന്ന് അറിയാമോ; | (സി) | അങ്ങനെയൊരു താരതമ്യ പഠനം നടത്തിയിട്ടില്ല. |
| ഡി) ഇപ്പോഴുള്ള പി.എസ്.സി. അംഗ വർദ്ധന പ്രകാരം പ്രതിവർഷം ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ നൽകുക വഴി ശരാശരി എത്ര തുകയുടെ അധിക ചെലവാണ് നേരിടേണ്ടിവരുന്നത്; വിശദമാക്കുമോ; | (ഡി) | പ്രതിവർഷം 50,94,792/-രൂപ അധികച്ചെലവ് പ്രതീക്ഷിക്കുന്നു. |
| ഇ) പി.എസ്.സി.യിൽ എത്ര ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു; | (ഇ) | അന്യത്ര സേവന വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ലൈബ്രേറിയൻ, ഹാർഡ് വെയർ എൻജിനീയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. |

. . . .2)

| | | | |
|---|---|---|---|
| എഫ്) | ജീവനക്കാരുടെ തസ്തിക നികത്തുന്നതിന് പകരം പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന പ്രയോജനമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എഫ്) | പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് ലക്ഷ്യമിടുന്നു. |
| ജി) | മന്ത്രിമാരുടെ എണ്ണത്തെക്കാളും കൂടുതലുള്ള പി.എസ്.സി. മെമ്പർമാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; | (ജി) | പരിഗണനയിലില്ല. |
| എച്ച്) | പി.എസ്.സി. അംഗങ്ങളുടെ നിയമനത്തിന് സ്വീകരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്; | (എച്ച്) + (ഐ) | ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 316 (1) പ്രകാരം പി.എസ്.സി. അംഗങ്ങളിൽ ഏകദേശം പകുതിപ്പേർക്ക് കേന്ദ്ര/ സംസ്ഥാന സർക്കാർ സർവ്വീസിൽ കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഭരണഘടനാപരമായി നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന് സഹായകരമായ സംഭാവനകൾ നൽകാൻ കഴിവുള്ളവരെന്ന പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിയമിക്കുന്നത്. വ്യക്തിപരമായ പ്രത്യേക മാനദണ്ഡങ്ങൾ ഇക്കാര്യത്തിൽ പ്രസക്തമല്ല. |
| ഐ) | എങ്കിൽ എന്ത് യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് പുതിയ അംഗങ്ങളെ നിയമിച്ച് ഉത്തരവായത്; ഇവർ ഓരോരുത്തരുടെയും യോഗ്യതാ മാനദണ്ഡവും ഏത് മാനദണ്ഡ പ്രകാരമാണ് ഇവരെ നിയമിച്ച് ഉത്തരവാക്കിയതെന്നും സാമൂഹിക-അക്കാദമിക് തലങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരാണോ എന്നതും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ